# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

04.07.2013 – ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **5469**

## യുനാനി ചികിത്സാ സമ്പ്രദായം

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള

(എ) യുനാനി ചികിത്സാ സമ്പ്രദായത്തിന്റെ പുരോഗതിയ്ക്കായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ.എച്ച്.എം. ന്റെ കീഴിൽ എത്ര പുതിയ ഡിസ്പെൻസറികൾ ആരംഭിച്ചു ; അത് എവിടെയെല്ലാമാണ് ; വിശദമാക്കുമോ ;

(സി) എൻ.ആർ.എച്ച്.എം. ന കീഴിൽ എല്ലാ പഞ്ചായത്തുകളിലും യുനാനി ഡിസ്പെൻസറികൾ ആരംഭിക്കുമോ ?

**ഉത്തരം**

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി)

(എ) യുനാനി ചികിത്സാ സമ്പ്രദായത്തിന്റെ പുരോഗതിയ്ക്കായി ആവശ്യ മരുന്നുകൾ ലഭ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ഗവൺമെന്റ് തലത്തിൽ കാസർഗോഡ് ജില്ലയിലെ മൊഗ്രാലിൽ ഒരു യുനാനി ഡിസ്പെൻസറിയും എൻ. ആർ. എച്ച്. എം. ന കീഴിൽ 19 യുനാനി ഡിസ്പെൻസറികളും അനുവദിച്ചിട്ടുണ്ട്.

(ബി) 3 എണ്ണം.

| | |
|---|---|
| മടവൂർ | കോഴിക്കോട് |
| പനമരം | വയനാട് |
| പപ്പിനിശ്ശേരി/ചപ്പാരപ്പടവ് | കണ്ണൂർ |

(സി) ഡിസ്പെൻസറികൾക്ക് ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും അനുവദിച്ച് നൽകാമെന്നുള്ള ബന്ധപ്പെട്ട പഞ്ചായത്ത് തീരുമാനം സഹിതം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ